(ഇ) ഇല്ല. വാടക കൊടുക്കുന്നതിനുള്ള ബാദ്ധ്യത പഞ്ചായത്തിനാണ്.

തൃശ്ശൂരിലേയും, ആലപ്പുഴയിലേയും ഡോക്ടർമാരുടെ സ്ഥലംമാറ്റം

1751 [2659] ശ്രീ. നാലകത്തുസൂപ്പി:
,, കെ.പി. രാമൻ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:
,, പി.വി. മുഹമ്മദ്:
,, പി.കെ.കെ. ബാവ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ തൃശ്ശൂരും, ആലപ്പുഴയിലുമുള്ള ഡോക്ടർമാരെ മാത്രം സ്ഥലം മാറ്റുമ്പോൾ സബ് സ്റ്റിറ്റ്യൂട്ട് ഇല്ലാതെ വിടുതൽ ചെയ്യുകയില്ല എന്നുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഇക്കാര്യത്തിൽ പൊതുവായ രീതി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്:

(ബി) ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടുള്ളത്. മറ്റു മെഡിക്കൽ കോളേജുകളിൽ ഈ നിർദ്ദേശം തൽക്കാലം നടപ്പാക്കേണ്ടതില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് നഴ്സ്, അറ്റൻഡർ എന്നിവരുടെ നിയമനം

1752 [2660] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ വേണ്ടത്ര സ്റ്റാഫ് നേഴ്സും അറ്റൻഡറും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം അവിടെ കിടത്തി ചികിൽസിക്കപ്പെടുന്ന രോഗികൾക്ക് വേണ്ടത്ര ശുശ്രൂഷ ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ?

(സി) അവിടെ കൂടുതൽ സ്റ്റാഫ് നേഴ്സിനേയും അറ്റൻഡറേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly